**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2179** **17.06.2014 ലെ മറുപടിയ്ക്ക്**

**കെ. എസ്. എഫ്. ഇ. അമിത പലിശ ഈടാക്കുന്നുവെന്ന പരാതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. വി. ശിവൻകുട്ടി** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| കെ.എസ്.എഫ്.ഇ യുടെ വായ്പാ പദ്ധതികളിൽ ഇടപാടുകാരിൽ നിന്ന് ബ്ളേഡു പലിശ ഈടാക്കുന്നതായി സംസ്ഥാന ആഭ്യന്തര വകുപ്പു കണ്ടെത്തി ബോധ്യപ്പെട്ട സ്ഥിതിക്ക്, ടി വായ്പ പദ്ധതികളെ സംബന്ധിച്ചും കെ.എസ്.എഫ്.ഇ യുടെ ആകെ പ്രവർത്തനത്തെ കുറിച്ചും ആഭ്യന്തര വകുപ്പിന്റെ **"ഓപ്പറേഷൻ കുബേര"** എന്ന അന്വേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്രമായ അന്വേഷണം നടത്താൻ ധന വകുപ്പ് ശുപാർശ ചെയ്യുമോ ? | കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെ കൊള്ളപ്പലിശക്കാരുടെ സാമ്പത്തിക ചൂഷണത്തിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയാണ് 1969 ൽ കെ.എസ്.എഫ്.ഇ രൂപീകൃതമായത്. കെ.എസ്.എഫ്.ഇ യുടെ വായ്പാ പദ്ധതികളിൽ ഒന്നും തന്നെ ബ്ളേഡു പലിശ ഈടാക്കുന്നില്ല. കേരളത്തിലെ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും, ഷെഡ്യൂൾഡ് ബാങ്കുകളിലും, ദേശസാൽകൃത ബാങ്കുകളിലും നിലവിലുള്ള വായ്പാ പലിശ നിരക്കുകളോട് ഏതാണ്ട് യോജിക്കുന്ന നിരക്കുകൾ തന്നെയാണ് കെ.എസ്.എഫ്.ഇ-യിലും നിലവിലുള്ളത്. അതിനാൽ കെ.എസ്.എഫ്.ഇ-യുടെ വായ്പ പദ്ധതികളെ സംബന്ധിച്ചും കെ.എസ്.എഫ്.ഇ യുടെ ആകെ പ്രവർത്തനത്തെ കുറിച്ചും ആഭ്യന്തര വകുപ്പിന്റെ **"ഓപ്പറേഷൻ കുബേര"** എന്ന അന്വേഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സമഗ്രമായ അന്വേഷണം നടത്തുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.